(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഴ്സിംഗ് ട്യൂട്ടർമാരെ പി. എസ്. സി. വഴി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി പരീക്ഷോ, ഇന്റർവ്യൂകളോ നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) നഴ്സിംഗ് ട്യൂട്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച് സർക്കാർ പുറത്തിറക്കിയ 24-4-2002-ലെ (എം.എസ്) 95/02/എച്ച് ആന്റ് എഫ്/ഡബ്ല്യു നമ്പർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) നിലവിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) നടത്തിയിട്ടില്ല.

(ഡി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.

വയനാട് ജില്ലയിലെ ആക്സിലറി മിഡ്വൈഫ് തസ്തികയിലേക്കുള്ള നിയമനം

127 [3518] ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ ആക്സിലറി നഴ്സ്, മിഡ്വൈഫ് നിയമനത്തിനായി പി. എസ്. സി. ഏറ്റവും ഒടുവിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയത് എന്നാണ്;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു;

(സി) ആരെയും നിയമിക്കാത്ത പക്ഷം അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട്;

(ഇ) ഈ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയോ ദിവസ വേതന അടിസ്ഥാനത്തിലോ നിയമനം നടത്തിയിട്ടുണ്ടോ;

(എഫ്) ഒഴിവുള്ള തസ്തികകളിൽ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ച് വരുന്നു.

(ബി) വയനാട് ജില്ലയിൽ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്നും 19 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ നിയമനം നടത്തിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വയനാട് ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ ഇപ്പോൾ ഒഴിവുകൾ ഒന്നും തന്നെ ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക്

128 [3520] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ ആശുപത്രിയിലും പരിസര പ്രദേശങ്ങളിലും ബ്ലഡ് ബാങ്ക് ഇല്ലാത്തതു കാരണം അത്യാവശ്യഘട്ടങ്ങളിൽ രക്തം ലഭിക്കാതെ രോഗികളുടെ ജീവന് അപകടമുണ്ടാകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ ആശുപത്രിയിൽ ഒരു ബ്ലഡ് ബാങ്ക് ആരംഭിക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ?

ഉത്തരം

(എ) മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പക്ഷേ ടി ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി & സി) ഈ ആശുപത്രിയിലും പരിസരപ്രദേശങ്ങളിലും ബ്ലഡ് ബാങ്ക് ഇല്ലാത്തതു കാരണം രക്തം ലഭിക്കാതെ രോഗികളുടെ ജീവന് അപകടമുണ്ടായിട്ടുള്ളതായി റിപ്പോർട്ട് ഒന്നും ലഭിച്ചിട്ടില്ല. ഇപ്പോൾ ഈ പ്രദേശത്തെ രോഗികൾക്ക് പെരിന്തൽമണ്ണ ഗവൺമെന്റ് ആശുപത്രിയിലെ ബ്ലഡ് ബാങ്കിൽ നിന്നും ആവശ്യത്തിനുള്ള രക്തം ലഭ്യമാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly